## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2305** — 01.04.2013-ൽ മറുപടിക്ക്

### സിസേറിയൻ പ്രസവം പ്രോത്സാഹിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ സിസേറിയൻ പ്രസവം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി സിസേറിയൻ ശസ്ത്രക്രിയകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ദേശീയ ശരാശരിയേക്കാൾ കൂടുതലാണിത്. |
| (ബി) 2013 ജനുവരി മാസം മാത്രം സർക്കാർ ആശുപത്രികളിൽ എത്ര ശതമാനത്തോളം സിസേറിയൻ നടന്നതായാണ് ആരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) 2013 ജനുവരി മാസം സർക്കാർ ആശുപത്രിയിൽ നടന്ന 11,103 പ്രസവങ്ങളിൽ 4,406 പ്രസവങ്ങൾ സിസേറിയനാണ്. ഇതിന്റെ ശതമാനം 39.68 ആണ്. |
| (സി) ദേശീയതലത്തിൽ പ്രസവ ശസ്ത്രക്രിയാ നിരക്ക് 8.5 ശതമാനം മാത്രമായിരിക്കെ എറണാകുളം, കൊല്ലം ജില്ലകളിൽ ആയത് എത്ര ശതമാനം വരെ ആയിട്ടുണ്ടെന്നാണ് ആരോഗ്യവകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) 2013 ജനുവരി മാസത്തെ റിപ്പോർട്ട് പ്രകാരം എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ 60% വീതമാണ്. |
| (ഡി) സംസ്ഥാനത്ത് 2013 ജനുവരി മാസം മാത്രം ഏറ്റവും കൂടുതൽ സിസേറിയൻ നടന്ന സാമൂഹ്യാരോഗ്യകേന്ദ്രം, താലൂക്കാശുപത്രി, എന്നിവ ഏതാണെന്നും ഈ കാലയളവിൽ ഇവിടെ നടന്ന പ്രസവം എത്രയാണെന്നും വ്യക്തമാക്കുമോ ; | (ഡി) 2013 ജനുവരിയിൽ ഏറ്റവും കൂടുതൽ സിസേറിയൻ നടന്ന സാമൂഹിക ആരോഗ്യ കേന്ദ്രം തിരുവനന്തപുരം ജില്ലയിൽ ഫോർട്ട് ഹോസ്പിറ്റൽ ആണ്.<br>ആകെ പ്രസവം - 265<br>ആകെ സിസേറിയൻ - 107<br>ഏറ്റവും കൂടുതൽ സിസേറിയൻ നടന്ന താലൂക്ക് ഹോസ്പിറ്റൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്ക് ഹോസ്പിറ്റൽ ആണ്.<br>ആകെ പ്രസവം - 115<br>ആകെ സിസേറിയൻ - 77 |

| | |
|---|---|
| (ഇ) സിസേറിയനുകളുടെ എണ്ണം കൂടിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് എന്തൊക്കെ മാർഗ്ഗരേഖ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (ഇ) കേരളത്തിലെ സിസേറിയൻ റേറ്റ് ദേശീയ ശരാശരിയെക്കാൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ഇത് നിയന്ത്രിക്കുന്നതിനും സാധാരണ പ്രസവം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഒരു ഉത്തരവ് പ്രസിദ്ധീകരിക്കുകയുണ്ടായി. (G.O.(Rt)No.1791/2011/H&FWD, dated 07.05.2011). ഈ ഗവൺമെന്റ് ഉത്തരവ് എല്ലാ ജില്ലകളിലും എത്തിച്ച് കർശനമായി നടപ്പിലാക്കാൻ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഓരോ മാസവും പ്രസവം നടക്കുന്ന ആശുപത്രികളിലും സംസ്ഥാനതല ഓഡിറ്റ് നടത്തി ജില്ലാ മെഡിക്കൽ ഓഫീസറെ വിശദീകരണം അറിയിക്കേണ്ടതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ, സീനിയർമോസ്റ്റ് ഗൈനോക്കോളജിസ്റ്റ്, ആർ.സി.എച്ച് ഓഫീസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി കേസുകൾ അവലോകനം ചെയ്യുകയും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസവും സംസ്ഥാനതല സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ ഓരോ ജില്ലയിലെയും പ്രസവം നടക്കുന്ന ആശുപത്രിയെ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ അതാത് ജില്ലാ മെഡിക്കല്ലാഫീസർമാർക്ക് നൽകിവരുന്നു. |
| (എഫ്) സിസേറിയൻ പ്രസവ ചെലവ് പാവപ്പെട്ടവർക്ക് താങ്ങാൻ ബുദ്ധിമുട്ടായതിനാൽ സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ ബോധവൽകരണ മാർഗ്ഗങ്ങൾ നിലവിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എഫ്) വർദ്ധിച്ചുവരുന്ന സിസേറിയൻ നിരക്ക് തടയുന്നതിനായി പൊതുജനങ്ങളിൽ നിന്നുള്ള പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഒഴിവാക്കാൻ പറ്റാത്ത പ്രത്യേക കാരണത്തിനല്ലാതെ സിസേറിയൻ ചെയ്യാൻ പാടില്ല എന്നും സാധാരണ രീതിയിലുള്ള പ്രസവം ഒരു സ്ത്രീയുടെ അവകാശമാണെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി വിവിധ തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. ഗർഭിണികൾ ചെക്കപ്പിനായി എത്തുന്ന സമയം സ്റ്റാഫ് നേഴ്സ്/ജെ.പി.എച്ച്.എൻ, ആശ വർക്കർമാർ, ഗൈനക്കോളജിസ്റ്റ് എന്നിവരടങ്ങിയ ടീം ബോധവത്ക്കരണ ക്ലാസ്സ |

കളും ലഘു ലേഖനങ്ങളും വിതരണം ചെയ്തു വരുന്നു. ഗർഭിണികൾക്കും കുടുംബാംഗങ്ങൾക്കും സ്ഥിരമായി കൗൺസിലിംഗും നടത്തി വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) സ്വകാര്യ ആശുപത്രികൾ സിസേറിയൻ വഴിയുള്ള പ്രസവം പ്രോത്സാഹിപ്പിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും ഇതിലെന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നോയെന്നും വ്യക്തമാക്കുമോ ?

(ജി) സർക്കാർ ആശുപത്രികളെപ്പോലെ സ്വകാര്യ ആശുപത്രികളിലും സിസേറിയൻ നിരക്ക് ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കുന്നതിന് ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസവവും ഗർഭകാല പരിചരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ ഒരു ആധികാരിക ഗ്രന്ഥമായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും പിന്തുടരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകളെ ഉൾപ്പെടുത്തി ജില്ലകളിൽ ശില്പശാല നടത്തുകയും അതിന്റെ ഭാഗമായി എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് നൽകാനും തീരുമാനമായി.

സെക്ഷൻ ഓഫീസർ